**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4463** **01-07-2024 - ൽ മറുപടിയ്ക്ക്**

**പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരുത്തിയുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് പരുത്തിയുടെ വില നിശ്ചയിക്കുന്നത്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ മാത്രമേ പരുത്തിയുടെ വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർദ്ധനവ് നിയന്ത്രിക്കാനാകൂ.<br>പരുത്തിയുടെ ഉയർന്ന വില ക്രമീകരിയ്ക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിയ്ക്കുകയും, അതിന്റെ പ്രവർത്തനം ആരംഭിയ്ക്കുകയും പരുത്തി വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും, 70 കോടി രൂപ എൻ.സി.ഡി.സി യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ച കോട്ടൺ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളുടെ തുടർച്ചയായ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി, പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ (ഒക്ടോബർ അവസാനം മുതൽ ഫെബ്രുവരി ആരംഭം വരെ) അധിക അളവിൽ (BULK PURCHASE) ന്യായമായ വിലയിൽ വാങ്ങുന്നതിനായാണ് സർക്കാർ അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ കോട്ടൺ ബോർഡ് മുഖേനെ സംഭരിക്കുന്ന പരുത്തി സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | സ്പിന്നിംഗ് മില്ലുകൾക്ക് വിതരണം ചെയ്യുന്നതാണ്. പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിനായി Escrow Account രീതിയിലാണ് ഫണ്ട് മാനേജ്മന്റ് നടപ്പിലാക്കുന്നത്. നൂൽ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക കോട്ടൺ ബോർഡിലേക്ക് തിരികെ ഒടുക്കുന്ന രീതിയിൽ ആയിരിക്കും ബോർഡ് പ്രവർത്തിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും കോട്ടൺ ബോർഡിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരുത്തി സംഭരിക്കുന്നതിന് 70 കോടി രൂപയുടെ NCDC വായ്പയ്ക്കായി കോട്ടൺ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | സീസണിൽത്തന്നെ താങ്ങാവുന്ന നിരക്കിൽ പരുത്തി വാങ്ങി സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളുടെ തുടർച്ചയായ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി, പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽ തന്നെ (ഒക്ടോബർ അവസാനം മുതൽ ഫെബ്രുവരി ആരംഭം വരെ) അധിക അളവിൽ (BULK PURCHASE) ന്യായമായ വിലയിൽ വാങ്ങുന്നതിനായാണ് സർക്കാർ അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ കോട്ടൺ ബോർഡ് മുഖേനെ സംഭരിക്കുന്ന പരുത്തി സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് വിതരണം ചെയ്യുന്നതാണ്. പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിനായി Escrow Account രീതിയിലാണ് ഫണ്ട് മാനേജ്മന്റ് നടപ്പിലാക്കുന്നത്. നൂൽ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക കോട്ടൺ ബോർഡിലേക്ക് തിരികെ ഒടുക്കുന്ന രീതിയിൽ ആയിരിക്കും ബോർഡ് പ്രവർത്തിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും കോട്ടൺ ബോർഡിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരുത്തി സംഭരിക്കുന്നതിന് 70 കോടി രൂപയുടെ NCDC വായ്പയ്ക്കായി കോട്ടൺ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ